(ബി) എത്ര കേസുകൾ ഇതിനകം തീർപ്പു കൽപ്പിച്ചിട്ടുണ്ട്;

(സി) തീർപ്പു കൽപ്പിച്ച കേസുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

അസംഘടിത തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെൻറിന്റെ മാതൃകയിൽ നിയമനിർമ്മാണം

44 [2913] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറ് അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം ഉണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക;

(സി) അസംഘടിത തൊഴിലാളികൾക്കുവേണ്ടി സംസ്ഥാനത്തും കേന്ദ്ര ഗവൺമെൻറിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന അസംഘടിത തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയിൽ 40 തൊഴിൽ വിഭാഗങ്ങളെ ആണ് ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നത്. (തൊഴിൽ വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) ഇതു സംബന്ധിച്ച കേന്ദ്ര നിയമം നിലവിൽ വന്നതിനു ശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

അസംഘടിത തൊഴിലാളികളുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി

45 [2914] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത തൊഴിലാളികൾ ഏതെല്ലാം തൊഴിലുകളിൽ ഏർപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ എത്ര തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്നു;

(സി) ഇവരുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ് കാറ്റഗറിയിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവർക്ക് സർക്കാർ എന്ത് ആനുകൂല്യങ്ങളാ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പനക്കയറ്റ തൊഴിലാളികളും, സ്വർണ്ണപ്പണിക്കാർ, പർപ്പടകം ഉണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ, ചക്കുകളിൽ എണ്ണ ആട്ടുന്നവർ, ഓട്-ചെമ്പ്-കളിമൺ-പാത്ര നിർമ്മാണ തൊഴിലാളികളും, റിക്ഷാതൊഴിലാളികളും, കയറുവണ്ടിക്കാർ, പാത്രം, കാലിചാക്ക് ശേഖരിക്കുന്നവർ, കേവുവള്ള മൂന്നുകാർ, ബീഡി-സിഗാർ തൊഴിലാളികളും, ആനപാപ്പാൻമാർ, വാച്ച്, സൈക്കിളും റിപ്പയർ ചെയ്യുന്നവർ, കരകൗശല തൊഴിലാളികളും, ആക്രി തൊഴിലാളികളും, പാല്-പത്രം മുതലായവ വിതരണം ചെയ്യുന്നവർ, തേങ്ങ വെട്ടി ഉണക്കുന്നവർ, വർക്ക്ഷോപ്പ് & തൊഴിലാളികളും, ഐസ് നിർമ്മിക്കുന്നവർ, കറവക്കാർ, ഇറച്ചി വെട്ടുകാർ, മൽസ്യത്തൊഴിലാളികളും, ഫോട്ടോഗ്രാഫർമാർ, മരംകയറ്റക്കാർ, പച്ചക്കറി നീറുന്നവർ, ബാർബർമാർ, അലക്കുകാർ തുടങ്ങിയവരാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾ.

(ബി) ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ശേഖരിച്ചിട്ടില്ല. 2005 മേയ് വരെ 2,20,838 പേർ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി, ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമേ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളായ— കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം, ചികിൽസാ സഹായം, മരണാനന്തര സഹായം, അംഗങ്ങളുടെ കുട്ടികൾക്ക് ഐ. ടി. ഐ. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് സഹായം എന്നിവ ഈ തൊഴിലാളികൾക്കും നൽകിവരുന്നു. കടകളിലേയും വാണിജ്യസ്ഥാപനങ്ങളിലേയും തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി രൂപീകരിക്കുവാനുള്ള ബിൽ നിയമസഭ മുൻപാകെയുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് ഇത് ഉറപ്പ് നൽകുന്ന ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കും.

കർഷകത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ

46 [2915] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, ടി. കെ. രാധാകൃഷ്ണൻ:
,, വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly